**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5289** **12-08-2021 - ൽ മറുപടിയ്ക്ക്**

**കിൻഫ്രയുടെ പെട്രോ കെമിക്കൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിയിൽ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ കിൻഫ്ര ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിക്കായി കൊച്ചിയിലെ ഫാക്ടിൽ നിന്നും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറി. ഇതിനായി കിഫ്ബി മുഖാന്തിരം 977 കോടി രൂപയാണ് ഫാക്ടിന് നല്കിയത്. പ്രസ്തുത 481 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. ഈ 481 ഏക്കർ ഭൂമിയിൽ നിന്നും 170 ഏക്കർ ഭൂമി ബി.പി.എസി.എല്ലിന് കിൻഫ്ര അലോട്ട് ചെയ്യുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. M/s Voyants Consultants Private Limited എന്ന കമ്പനിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയത്.ഇപ്രകാരം അംഗീകരിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതിയുടെ അലോട്ട്മെന്റും വികസന പദ്ധതികളും നടപ്പിലാക്കുന്നത്. നാളിതുവരെ കിൻഫ്ര 29 സംരംഭകർക്ക് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്ന തിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ ഒന്നുമില്ല |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലായാൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | പെട്രോ കെമിക്കൽ പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാവുമ്പോൾ 10000 ഓളം തൊഴിലവസരങ്ങൾ പ്രത്യക്ഷമായും അതിലധികം തൊഴിലവസരങ്ങൾ പരോക്ഷമായും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ